25 (*145) റവന്യൂ കാർഡ് വിതരണം

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീ. യു.എസ്. ശശി :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ കാർഡ് വിതരണം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഒന്നാം ഘട്ടത്തിൽ എത്രപേർക്ക് റവന്യൂകാർഡ് ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂകാർഡിന് എത്ര രൂപയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്; ഈ ഫീസ് അടയ്ക്കുന്നതിൽനിന്ന് ആരെയെല്ലാം ഒഴിവാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ പേർക്കും റവന്യൂകാർഡ് നൽകൽ എത്രകാലം കൊണ്ട് പൂർത്തിയാക്കുമെന്ന് വിശദമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഉണ്ട്.

(ബി) എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിലെ എല്ലാ കുടുംബങ്ങൾക്കും റവന്യൂ കാർഡ് ലഭ്യമാക്കും. ഇപ്പോൾ 4000 കുടുംബങ്ങൾക്ക് റവന്യൂകാർഡ് നൽകിക്കഴിഞ്ഞു.

(സി) ഒരു കാർഡിന് പതിനഞ്ച് രൂപയാണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയും ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) 2000 ഡിസംബറിനകം സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും റവന്യൂകാർഡ് നൽകാനാണ് ഉദ്ദേശിക്കുന്നത്.

26 (*146) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പെർഫോർമൻസ് ആഡിറ്റ്

ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പെർഫോർമൻസ് ആഡിറ്റുകൾ നടത്തുവാൻ ഇപ്പോൾ സംവിധാനമുണ്ടോ;

(ബി) എങ്കിൽ പെർഫോർമൻസ് ആഡിറ്റ് നടത്താത്തതിന്റെ കാരണമെന്താണ്;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുവാൻ പെർഫോർമൻസ് ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ലെങ്കിൽ പെർഫോർമൻസ് ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) ഉണ്ട്.

(ബി) പെർഫോർമൻസ് ആഡിറ്റ് നടത്തിവരുന്നുണ്ട്.

(സി)-(ഇ) സംസ്ഥാന പെർഫോർമൻസ് ആഡിറ്റ് അതോറിറ്റിയെ സഹായിക്കുവാൻ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിന്റെ ഗ്രേഡിലുള്ള ഒരു സംസ്ഥാന പെർഫോർമൻസ് ആഡിറ്റ് ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാർക്ക് ഇതു സംബന്ധിച്ച് പരിശീലനം നൽകുന്നതിനും ഉദ്ദേശമുണ്ട്.

27 (*147) ഹജ്ജ് തീർത്ഥാടനം

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനം സംബന്ധിച്ച കാര്യങ്ങൾ ആലോചിക്കാൻ ചേർന്ന കേന്ദ്ര ഹജ്ജ് കമ്മിറ്റിയോഗത്തിൽ സംസ്ഥാനത്തു നിന്ന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയോ മറ്റാരെങ്കിലുമോ പങ്കെടുത്തിരുന്നുവോ;

(ബി) ഹജ്ജ് വിമാന തീയതികൾ തയ്യാറാക്കുന്നതിൽ സംസ്ഥാനത്തെ ഹജ്ജ് യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് യാത്രനേരത്തേ ആക്കുന്നതിന് ബന്ധപ്പെട്ട വിമാനകമ്പനികളുമായോ, സിവിൽ ഏവിയേഷൻ വകുപ്പുമായോ 1999 ഡിസംബർ ഒന്നിനു മുൻപ് ബന്ധപ്പെടുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് ഹജ്ജ് വിമാനം ആരംഭിക്കുവാൻ ആവശ്യമായ എന്തെങ്കിലും നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചിരുന്നുവോ;

(ഇ) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി സെക്രട്ടറി കൂടിയായ ജില്ലാ കോഴിക്കോട് കളക്ടർ പങ്കെടുത്തിരുന്നു. ഹജ്ജ് 2000-കോൺഫറൻസിൽ പങ്കെടുക്കുന്നതിന് കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയോഗം കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയംഗം ശ്രീ. എം.പി. അബ്ദുസമദ് സമദാനി എം.പി. യെ ചുമതലപ്പെടുത്തുകയുണ്ടായി.

(ബി)&(സി) ഇല്ല. മുൻകൂട്ടി ബന്ധപ്പെടേണ്ട ആവശ്യമില്ല. കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ നിന്നും ഫ്ളൈറ്റ് ഷെഡ്യൂൾ ലഭിച്ചപ്പോൾ തീർത്ഥാടകരുടെ വിമാനയാത്രയ്ക്ക് താമസം നേരിടും എന്നു ബോദ്ധ്യപ്പെടുകയും ഉടൻതന്നെ കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടേയും സിവിൽ ഏവിയേഷൻ വകുപ്പിന്റെയും അധികൃതരുമായി ബന്ധപ്പെടുകയും തീർത്ഥാടകരുടെ യാത്ര, മുൻപ്

LIBRARY ARCHIVES Kerala Legislative Assembly